# നീര ലൈസൻസ് രണ്ടാംഘട്ട വിതരണം 16ന്

തിരുവനന്തപുരം ● നീര ഉൽപാദന, വിതരണത്തിനായി അനുവദിച്ച ലൈസൻസുകളുടെ രണ്ടാംഘട്ട വിതരണം 16നു മൂന്നിന് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുമെന്നു മന്ത്രി കെ. ബാബു അറിയിച്ചു. 173 ലൈസൻസുകളാണ് ഇതുവരെ അനുവദിച്ചത്. ആദ്യഘട്ടമായി 16 ലൈസൻസുകൾ 2014ൽ വിതരണം ചെയ്തിരുന്നു. ശേഷിക്കുന്ന 157 ലൈസൻസുകളാണു രണ്ടാംഘട്ടത്തിൽ വിതരണം ചെയ്യുക. നാളികേര വികസന ബോർഡിനു കീഴിലുള്ള ഉൽപാദക ഫെഡറേഷനുകൾക്കാണു ലൈസൻസ് അനുവദിച്ചിരിക്കുന്നത്. മന്ത്രി കെ. ബാബു അധ്യക്ഷനാകും. കൃഷി മന്ത്രി കെ.പി. മോഹനൻ മുഖ്യാതിഥിയായിരിക്കും.